പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8020 24.07.2012 -ലെ മറുപടി

**തമ്പാനൂർ ഊരൂട്ടമ്പലം കാട്ടാക്കട റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ**

**ചോദ്യം**

ശ്രീ. എ. എ. അസീസ്
" കോവൂർ കുഞ്ഞുമോൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തമ്പാനൂരിൽ നിന്ന് ആരംഭിച്ച് ഊരൂട്ടമ്പലംവഴി കാട്ടാക്കട വരെയുള്ള റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ യാത്രക്കാരുടെ എണ്ണത്തിന് അനുസരിച്ച് കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോയിൽ നിന്നും 43 ട്രിപ്പുകളും കാട്ടാക്കട ഡിപ്പോയിൽ നിന്നും 18 ട്രിപ്പുകളും ഊരൂട്ടമ്പലം - കാട്ടാക്കട റൂട്ടിൽ സർവ്വീസ് നടത്തിവരുന്നുണ്ട്. |
| (ബി) | ഈ റൂട്ടിലെ ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ; | (ബി) | ആവശ്യത്തിന് സർവ്വീസുകൾ നിലവിലുള്ളതിനാൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ റൂട്ടിലെ ലോ ഫ്ളോർ ജൻറം എ.സി. ബസ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ റൂട്ടിലെ ലോ ഫ്ളോർ ജൻറം എ.സി. ബസ്സുകൾ നിർത്തലാക്കിയിട്ടില്ല. എന്നാൽ വരുമാനം വളരെ കുറവുള്ള ചില ട്രിപ്പുകൾ ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | ഈ റൂട്ടിൽ കൂടുതൽ എ.സി. ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | നിലവിലുള്ള സാഹചര്യത്തിൽ ഈ റൂട്ടിൽ കൂടിയുള്ള എ.സി. ബസ്സുകളിൽ യാത്രക്കാരുടെ കുറവുകാരണം കൂടുതൽ ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ